# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 29.06.2016 - ൽ മറുപടിയ്ക്ക്

നിയമസഭാ ചോദ്യം നമ്പർ: 323

### കയർ മേഖലയിലെ പ്രതിസന്ധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>,, മോൻസ് ജോസഫ്<br>,, സി.എഫ്.തോമസ്<br>ഡോ.എൻ. ജയരാജ് | ശ്രീ.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് കയറിന്റെയും കയർ ഉല്പന്നങ്ങളുടെയും നിർമ്മാണത്തിനാവശ്യമായ ചകിരിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് എന്തു നടപടി കൈക്കൊള്ളാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;<br><br>ബി) സംസ്ഥാനത്തെ കയർ മേഖലയിലെ ആവശ്യങ്ങൾക്ക് പര്യാപ്തമായ രീതിയിലുള്ള ചകിരി ലഭ്യത സംസ്ഥാനത്തുണ്ടോയെന്ന് വ്യക്തമാക്കുമോ;<br><br>സി) ഈ മേഖലയിലെ പ്രതിസന്ധിക്ക എപ്രകാരം പരിഹാരം കാണാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ? | എ), ബി) &സി) കയർ വ്യവസായം നേരിടുന്ന പ്രതിസന്ധികളിൽ പ്രധാനപ്പെട്ട ഒന്നാണ് ചകിരി ക്ഷാമം. നാളികേര കൃഷിക്ക് നേരിട്ട തകർച്ച, രോഗഭീഷണി, എന്നിവയെല്ലാം ചകിരി ഉൽപാദനത്തെ ദോഷകരമായി ബാധിച്ചു. അഴുക്കും തൊണ്ടിൽ നിന്നും ഉൽപാദിപ്പിക്കുന്ന ചകിരിക്ക് വ്യവസായ ത്തിലുണ്ടായിരുന്ന പ്രാമാണികത്വം ഇല്ലാതാവുകയും ചെയ്തു. ചകിരിയോടൊപ്പം തന്നെ ചകിരിച്ചോറും വാണിജ്യാടിസ്ഥാനത്തിൽ ഉപയോഗപ്പെടുത്തുകയും തൊണ്ട് സംഭരണത്തിന് നൂതനമായ മാർഗ്ഗങ്ങൾ നേടുകയും ചെയ്തുകൊണ്ടേ ഈ പ്രശ്നത്തിന് പരിഹാരം കാണാനാകൂ.<br>I) സംസ്ഥാനത്ത് വ്യാപകമായിക്കൊണ്ടിരിക്കുന്ന നാളികേര കർഷക ഫെഡറേഷനുകളെ ചകിരി ഉല്പാദനത്തിൽ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നു.<br>ii) നാളികേര കൃഷി സജീവമായ മേഖലകൾ കേന്ദ്രീകരിച്ച് ചകിരി ഉൽപാദനം ഗണ്യമായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും സർക്കാർ ലക്ഷ്യമിടുന്നുണ്ട്.<br>iii) ചകിരിച്ചോറിന്റെ വാണിജ്യാടിസ്ഥാനത്തിലുള്ള വിനിയോഗത്തിന് സർക്കാർ പ്രോത്സാഹനം നൽകുന്നതിനും ലക്ഷ്യമിടുന്നു.<br>iv) നിലവിൽ പ്രവർത്തനരഹിതമായി കിടക്കുന്ന ചകിരി മില്ലുകൾ പ്രവർത്തന സജ്ജമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. |

| | |
|---|---|
| | v) കുടുബശ്രീ സംഘങ്ങളെ തൊണ്ട് സംഭരണത്തിൽ സജീവമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ